**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 880** — **06-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിൽ നൽകിയ ചികിത്സാധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ചികിത്സാധനസഹായം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ നൽകിയെന്നറിയിക്കാമോ; | (എ) | 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി 194 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര പേർക്ക് സഹായം നൽകിയെന്നും എത്ര തുക നൽകിയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ 161 അപേക്ഷകർക്ക് ആകെ 31,21,900/-രൂപ (മുപ്പത്തിയൊന്നു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) നാളിതുവരെ നൽകിയിട്ടുണ്ട്. |
| (സി) | ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ ;എങ്കിൽ ഏതൊക്കെ; നിരസിക്കാനുള്ള കാരണം; ഇവ വിശദമാക്കാമോ; | (സി) | പ്രസ്തുത അപേക്ഷകളിൽ 4 അപേക്ഷകൾ നിരസ്സിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>ഗീത.കെ.സി (മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അപേക്ഷ നിരസിച്ചു)<br><br>ലക്ഷ്മി.സി.സി (വരുമാനം കൂടുതലാണ്)<br><br>ബാലകൃഷ്ണൻ.പി (50,000/-രൂപ മുമ്പ് ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്)<br><br>സുമതി, കണ്ണംമ്പള്ളി (മെഡിക്കൽ സർട്ടിഫിക്കറ്റിൽ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കാത്തതിനാൽ അപേക്ഷ നിരസിച്ചു) |
| (ഡി) | പട്ടിക ജാതി, പിന്നാക്ക വിഭാഗങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള ചികിത്സാ ധനസഹായങ്ങളും വായ്പകളുമാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | **പട്ടികജാതി വിഭാഗം**<br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപവരെ |

| | | | |
|---|---|---|---|
| | | | ആശുപത്രി മുഖാന്തിരം നൽകുന്നു. ചികിത്സാ ആവശ്യങ്ങൾക്കായി വായ്പകൾ നൽകുന്ന പദ്ധതി നിലവിലില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന 50,000/-രൂപ വരെയുള്ള ചികിത്സ ധനസഹായം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേനയാണ് ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നത്. 50,000/-ന് മുകളിൽ അനുവദിക്കുന്ന തുക ബന്ധപ്പെട്ട ആശുപത്രി അക്കൗണ്ടിൽ നൽകുന്നു.<br><br>**<u>പിന്നോക്ക വിഭാഗം</u>**<br><br>പിന്നോക്ക വിഭാഗങ്ങൾക്ക് നിലവിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നില്ല. |
| (ഇ) | പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്ന ഓരോ സഹായവും വായ്പയും അത് നൽകുന്ന സ്ഥാപനങ്ങളും വായ്പാ തുകയുടെ പരിധിയും പലിശയും എന്നീ വിവരങ്ങൾ വിശദമാക്കാമോ? | (ഇ) | **<u>പട്ടികജാതിവിഭാഗ-ധനസഹായം</u>**<br><br>പട്ടികജാതി വിഭാഗക്കാർക്ക് വിവിധ പദ്ധതികൾ മുഖേന ലഭ്യമാക്കി വരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ **<u>അനുബന്ധം-1</u>** ആയി ചേർത്തിരിക്കുന്നു.<br><br>**<u>വായ്പ</u>**<br><br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്ന വായ്പ പദ്ധതികൾ **<u>അനുബന്ധം-2</u>** ആയി ചേർക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷനിൽ നിന്നും ഈ വിഭാഗത്തിലെ അംഗങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് വായ്പകൾ നൽകി വരുന്നു. വ്യക്തികൾക്ക് വായ്പ നൽകാറില്ല. 2021-22, 22-23 സാമ്പത്തിക വർഷത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾക്ക് നാല് ശതമാനം പലിശ നിരക്കിൽ 5 ലക്ഷം രൂപ വീതം 13 അംഗ സംഘങ്ങൾക്ക് 65 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.<br><br>**<u>പിന്നോക്ക വിഭാഗം-ധനസഹായം</u>**<br><br>പിന്നോക്ക വിഭാഗക്കാർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ **<u>അനുബന്ധം-3</u>** ആയി ചേർത്തിട്ടുണ്ട്.<br><br>**<u>പിന്നോക്ക വിഭാഗം-വായ്പ</u>**<br><br>പിന്നോക്ക വിഭാഗക്കാർക്ക് വായ്പാ ഇനത്തിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും, കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽ പ്പെട്ട, പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ, പട്ടികജാതിയി ലേയ്ക്ക് ശുപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വളരെ തുച്ഛമായ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികളും, ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ പ്രോത്സാഹന/ ധനസഹായ/ പരിശീലന പദ്ധതികളും നൽകിവരുന്നുണ്ട്. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പേറഷനിൽ കളിമൺ നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി, കളിമൺ ഉൽപ്പന്ന വിപണനത്തിനുള്ള പ്രവർത്തന മൂലധന വായ്പാ പദ്ധതി, വിവാഹ ധനസഹായ വായ്പാ പദ്ധതി, സ്വയം സഹായ വായ്പാ പദ്ധതി എന്നിവ നിലവിലുണ്ട്. പിന്നോക്ക വിഭാഗ വികസന വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷനിലെ വായ്പാ പദ്ധതികൾ സംബന്ധിച്ച് **അനുബന്ധം-4** ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u> –1

വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.**<u>VISION 2013-</u>** S.S.L.Cപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തോടൊപ്പം മെഡിക്കൽ/എൻജിനീയറിംഗ് പരീക്ഷാ കോച്ചിംഗിന് 20000/-രൂപാ വരെ ധനസഹായം നൽകി വരുന്നു.രക്ഷിതാക്കളുടെ വരുമാന പരിധി 6 ലക്ഷം രൂപയിൽ കവിയാത്ത, ജില്ലാ പട്ടികജാതി വികസനഓഫീസറും,ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുത്ത സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചു വരുന്നു.

2 . **<u>പ്ലസ് ടു പഠനത്തിന് ശേഷം എൻട്രൻസ് കോച്ചിംഗിന് ധനസഹായം:-</u>**സയൻസ്,ഇംഗ്ലീഷ്.കണക്ക് എന്നീ വിഷയങ്ങളിൽ ബി പ്ലസിൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസായിട്ടുള്ളതും,ജില്ലാ പട്ടികജാതി വികസനഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നതും, രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 6,00000/- രൂപയിൽ കവിയാത്തവരുമായ കുട്ടികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് ധനസഹായമായി പരമാവധി 54000/- രൂപ അനുവദിച്ചു വരുന്നു.

3.**<u>ബുക്ക് ബാങ്ക് പദ്ധതി:</u>**- വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ സ്ഥാപനം മുഖേന വാങ്ങി റഫറൻസിനായി സ്ഥാപനത്തിൽ സൂക്ഷിച്ചു വരുന്നു. ആയതിലേക്ക് റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് 2400/- രൂപ മുതൽ 7500/- രൂപ വരെ നൽകി വരുന്നു.പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാര വാങ്ങുന്നതിന് 4000/-രൂപയും അനുവദിച്ച് വരുന്നു.

4.**<u>അഭിഭാഷക ധനസഹായം</u>**:-നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകി വരുന്നു. അഭിഭാഷകനായി എൻറോൾ ചെയ്ത് 6 മാസത്തിനകം ബന്ധപ്പെട്ട ജില്ലാ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

5.പോസ്റ്റ്മെട്രിക് പഠനത്തിന് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ആനുകൂല്യം അനുവദിക്കുന്നു. 05/01/2023 ലെ സ.ഉ (പി)02/2023/പജപവിവ ൽ പരാമർശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>6.ലംപ്സംഗ്രാന്റ്</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡ്ഡ്, സർക്കാർ അംഗീകൃതഎയ്ഡ്ഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് 3.0 സൈറ്റ് മുഖേന ഓൺ ലൈനായി വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച് നൽകുന്നുണ്ട്. ഒന്നു മുതൽ പത്താം ക്ലാസ്സ് വരെ വിവിധ നിരക്കുകളിൽ ലംപ്സംഗ്രാന്റ് അനുവദിക്കുന്നു.

1 മുതൽ 4 വരെ - 750/- രൂപ

5 മുതൽ 7 വരെ - 900/- രൂപ

8 മുതൽ 10 വരെ – 1000/- രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക.

<u>7.സ്റ്റൈപന്റ്</u>

ദുർബ്ബല വിഭാഗത്തിൽപ്പെട്ട (വേടൻ, നായാടി, അരുന്ധതിയാർ/ചക്കിലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ) വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു.

1 മുതൽ 10 വരെ 200/- രൂപ നിരക്കിൽ

## 8.ട്യൂഷൻഫീസ്

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻഫീസ് റീ-ഇംപേഴ്സ് മെന്റ് പ്രകാരം 1 മുതൽ 7 വരെ പഠിക്കുന്നവർക്ക് 1333/- രൂപയും 8 മുതൽ 10 വരെ പഠിക്കുന്നവർക്ക് 2000/- രൂപയും ട്യൂഷൻ ഫീസ് സ്പെഷ്യൽ ഫീസ് ഇനങ്ങൾക്കായി അനുവദിക്കുന്നു.

## 9.പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രാരംഭ പഠനാവശ്യങ്ങൾക്ക് 2000/- രൂപ നിരക്കിൽ പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി വരുന്നു.

## 10. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃത പദ്ധതി)

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന രണ്ടര ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള രക്ഷിതാക്കളുടെ മക്കൾക്ക് ടി സ്കോളർഷിപ്പ് അനുവദിക്കുന്നു. കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റും ഗ്രാന്റും നൽകി വരുന്നു.

| | നിരക്കുകൾ | |
|---|---|---|
| | ഹോസ്റ്റലേഴ്സ് | ഡേ സ്കോളർ |
| സ്കോളർഷിപ്പ് (പ്രതിവർഷം) | 7000 | 3500 |

## 11.പ്രാരംഭ ചെലവുകൾക്ക് ധനസഹായം

എഞ്ചിനിയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് യഥാക്രമം 5000/10000 രൂപ ക്രമത്തിൽ പ്രാരംഭ ചെലവുകൾക്ക് ധനസഹായം അനുവദിച്ചു വരുന്നു.

## 12.ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉള്ള തെരഞ്ഞെടുത്ത കോഴ്സുകൾക്ക് ലാപ് ടോപ് വാങ്ങുന്ന പദ്ധതി പ്രകാരം പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

## 13.സ്റ്റെതസ്കോപ്പ് വിതരണം

MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങുന്നതിന് ധന സഹായം

ആയി 5800/- രൂപ അനുവദിച്ച് വരുന്നു.

## 14.ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

നൃത്തം സംഗീത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യ ഉപകരണങ്ങൾ, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധന സഹായം നൽകി വരുന്നു.

**15.ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം**

കേരളീയരായ പട്ടികജാതി, വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 04.10.2017-ലെ G.O.(MS)81/17/SCSTDD ഉത്തരവിലെ മാനദണ്ഡപ്രകാരം ആനുകൂല്യം അനുവദിക്കുന്നുണ്ട്. പരമാവധി 25 ലക്ഷം രൂപ.

**16.ഭൂരഹിത പുനരധിവാസ പദ്ധതി**

1. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളായിരിക്കണം.
2. അപേക്ഷകൻ, ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3. വരുമാന പരിധി ഒരു ലക്ഷം രൂപ.

**17.ദുർബല പുനരധിവാസ പദ്ധതി**

1. വരുമാന പരിധി 50000/- രൂപ.

2. നായാടി, കള്ളാടി, വേടൻ, അരുന്ധതിയാർ / ചക്ലിയ എന്നീ ദുർബല വിഭാഗത്തിൽ പെട്ടവരായിരിക്കണം.എന്നീ പൊതു മാനദണ്ഡങ്ങൾക്കും സർക്കാർ ഉത്തരവ് (കൈ) നം.58/2022/പജപവവിവ തീയതി 30/12/2022 പ്രകാരമുള്ള പദ്ധതി മാനദണ്ഡങ്ങൾക്കും വിധേയമായും ധനസഹായം അനുവദിക്കുന്നു.

**18.മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മരണമടയുമ്പോൾ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് മൃതദേഹം പൊതുശ്മശാനത്തിൽ എത്തിക്കുന്നതിനും മരണാനന്തര ചടങ്ങുകളുടെ ചെലവുകൾക്കുമാണ് ആനുകൂല്യംഅനുവദിക്കുന്നത്. താമസ സ്ഥലത്തുനിന്നും 5 കി.മീറ്ററിലധികം ദൂരെയുള്ള ശ്മശാനത്തിൽ എത്തിച്ച് മരണാനന്തരചടങ്ങുകൾ നടത്തുന്നതിനാണ് ധനസഹായം നല്കുന്നത്.

**19.വിവാഹ ധനസഹായം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 125,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു.(30/08/2022 ന മുൻപുള്ള വിവാഹങ്ങൾക്ക് 75000/- രൂപ നിരക്കിൽ) വരുമാന പരിധി 1,00,000/- രൂപ

**20.മിശ്ര വിവാഹിതർക്ക് ധനസഹായം**

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ

അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ധനസഹായമായി നൽകുന്നു . പ്രതിവർഷ വരുമാന പരിധി - 1,00,000/- രൂപ

## 21.പഠനമുറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളിൽ കേന്ദ്രീയ വിദ്യാലയങ്ങളിൽ 5,6,7,8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധസൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയായിരിക്കണം.

## 22.സേഫ് പദ്ധതി

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് കൊണ്ട് 2022-23 സാമ്പത്തിക വർഷം മുതൽ സേഫ് പദ്ധതി നടപ്പിലാക്കി വരുന്നു ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ ഭവന പുനരുദ്ധാരണത്തിനോ ഭവന പൂർത്തീകരണത്തിനോ ധനസഹായം ലഭിച്ചവരെയും മുൻവർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും ടി പദ്ധതിയിൽ പരിഗണിയ്ക്കുന്നതല്ല. ടി പദ്ധതി പ്രകാരം ഭവന പൂർത്തീകരണം/പുനരുദ്ധാരണം എന്നിവയ്ക്കായി ആകെ 2 ലക്ഷം രൂപ 3 ഗഡുക്കളായി വിതരണം ചെയ്യുന്നു. ഒന്നാം ഗഡു 50,000/- രൂപ രണ്ടാം ഗഡു 1,00,000/- രൂപ ഒന്നാം ഗഡു 50,000/- രൂപ എന്നീ ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

## 23.അംബേദ്കർ ഗ്രാമ വികസന പദ്ധതി

2016-17 വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി .നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിയ്ക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളെ ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ബന്ധപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഒരു കോടി രൂപയുടെ വരെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയാണ് ഇത്.ഒരു നിയോജക മണ്ഡലത്തിൽ നിന്നും രണ്ട് കോളനികളെയാണ് തെരഞ്ഞെടുക്കാൻ സാധിയ്ക്കുന്നത്.ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുന്നതി.ജില്ലാ നിർമ്മിതിയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതിൽ അസൗകര്യമുള്ള പക്ഷം ബന്ധപ്പെട്ട എം.എൽ.എ ശുപാർശ ചെയ്യുന്ന മറ്റ് സർക്കാർ അക്രഡിറ്റഡ് ഏജൻസിയെ ചുമതല ഏൽപ്പിയ്ക്കാവുന്നതാണ്.2018-19 വർഷത്തിൽ പ്രളയ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിയ്ക്കുന്ന കോളനികളിൽ പ്രളയത്തിൽ തകർന്ന പ്രവർത്തികളുടെ പുനരുദ്ധാരണമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2019-20 വർഷത്തിൽ 50 ലക്ഷം രൂപയാണ് ടി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന ഒരു കോളനിയ്ക്ക് അനുവദിച്ചിട്ടുള്ളത് .2020-21 മുതൽ അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ കുടുംബങ്ങൾ അധിവസിയ്ക്കുന്നതുമായ കോളനികളിൽ ഒരു കോടിവരെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

<u>24. ആരോഗ്യ സുരക്ഷ പദ്ധതി - ചികിത്സാ ധനസഹായം</u>

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/- രൂപവരെ ആശുപത്രി മുഖാന്തിരം നൽകുന്നു.

<u>25. ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം</u>

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി 20/09/2012 ലെ സ.ഉ(കൈ)നം.128/12/പജപവവിവ നം സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിയിൽ 50,000/- രൂപ ധനസഹായം അനുവദിച്ചു വന്നിരുന്നത്. സ.ഉ(കൈ)നം 85/18/പജപവവിവ തീയതി:22/11/2018 നം ഉത്തരവ് പ്രകാരം 2,00.000/- രൂപയായി ഉയർത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 2

# കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ക്ലിപ്തം, തൃശ്ശൂർ

## (ഒരു കേരള സർക്കാർ സ്ഥാപനം)

## വായ്പാ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | പദ്ധതി തുക രൂപയിൽ (യൂണിറ്റ് ഒന്നിന്) | പലിശ നിരക്ക് | വിഭാഗം |
|---|---|---|---|---|
| | **സ്വയം തൊഴിൽ വായ്പാ പദ്ധതികൾ** | | | |
| 1 | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 3,00,000 | 7% | SC/ST |
| 2 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 5,00,000 | 8% | SC |
| 3 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50000 | 6% | SC/ST |
| 4 | വിദേശ തൊഴിൽ വായ്പാ പദ്ധതി (പുതിയത്) | 2,00,000 | 6% | SC |
| 5 | വാഹന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനുമുകളിൽ 9 % | SC/ST |
| 6 | മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ | 50,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനുമുകളിൽ 9 % | SC/ST |
| 7 | പ്രവാസി പുനഃരധിവാസ വായ്പാ പദ്ധതി | 20,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനുമുകളിൽ 9 % | SC/ST |
| 8 | സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി | 50,00,000 വരെ | 7.00% | SC/ST |
| 9 | പെട്രോളിയം ഡീലർമാർക്കുള്ള വായ്പ | 10,00,000 | 4% | SC |
| 10 | കൃഷി ഭൂമി വായ്പാ പദ്ധതി | 5,00,000 | 6% | SC |
| 11 | മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി | 60000 | 5% | SC |
| 12 | മഹിളാ സമൃദ്ധി യോജന | 60000 | 4% | SC |
| 13 | ലഘു വ്യവസായ യോജന | 2,00,000 മുതൽ 4,00,000 വരെ | 6% | SC |
| 14 | വനിതാ ശാക്തീകരണ പദ്ധതി (പട്ടികജാതി ഗ്രൂപ്പ്) | 5,00,000 | 5% | SC |
| 15 | ആദിവാസി മഹിളാ സശാക്തീകരൺ യോജന | 2,00,000 | 4% | ST |
| 16 | പട്ടികവർഗ്ഗ സംരംഭകർക്കായുള്ള വായ്പാ പദ്ധതി | 3,00,000 | 6% | ST |
| 17 | വനിതാ ശാക്തീകരണ പദ്ധതി (പട്ടിക വർഗ്ഗ ഗ്രൂപ്പ്) | 5,00,000 | 5% | ST |

| | സാമൂഹ്യക്ഷേമ വായ്പാ പദ്ധതികൾ | | | |
|---|---|---|---|---|
| 18 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 2,00,000 മുതൽ 4,00,000 വരെ | 6% | ST |
| 19 | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം വരെ 6% 5 ലക്ഷം മുതൽ 8.5% | SC |
| 20 | വിവാഹ വായ്പാ പദ്ധതി | 2,50,000 | 7% | SC/ST |
| 21 | ഭവന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 7%<br>5 ലക്ഷത്തിന് മുകളിൽ 8%<br>സർക്കാർ ജീവനക്കാർക്ക് 9% | SC/ST |
| 22 | ഭവന പുനരുദ്ധാരണ വായ്പ | 5,00,000 | 7% (സർക്കാർ ജീവനക്കാർക്ക് 8%) | SC/ST |
| 23 | സർക്കാർ ജീവനക്കാർക്കുള്ള കാർ ലോൺ | 7,00,000 | 9% | SC/ST |
| 24 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 10% | SC/ST |
| 25 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി | 1,00,000 | 9% | SC/ST |

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ

1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ
2. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്
3. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ
4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഓവർസീസ് സ്കോളർഷിപ്പ്
6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം
   a) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ
   b) ബി.പി.ൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ
7. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.
8. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം
9. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം
10. ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം
11. കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി
12. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും
13. അഡ്വക്കേറ്റ് ഗ്രാന്റ്
14. വിശ്വകർമ്മജർക്കുള്ള പെൻഷൻ
15. മാതാവോപിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

സെക്ഷൻ ഓഫീസർ

## അനുബന്ധം – 4

### മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1. സ്വയംതൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 15 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ - 8% |
| 2. വനിതകൾക്കായുള്ളപ്രത്യേകസ്വയംതൊഴിൽ വായ്പ (ന്യൂസ്വർണ്ണിമ)<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 2 ലക്ഷംരൂപ | 5% |
| 3. വിദ്യാഭ്യാസവായ്പാപദ്ധതി<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷംരൂപ (പ്രതിവർഷം 3 ലക്ഷംരൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷംരൂപ (പ്രതിവർഷം 4 ലക്ഷംരൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാപദ്ധതി (സന്നദ്ധസംഘടനകൾ / CDS വഴിനൽകുന്നവായ്പ)<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | CDS കൾക്ക് പരമാവധി 3 കോടിരൂപ<br>NGO യ്ക്ക് പരമാവധി 3 കോടിരൂപ | NGO/CDS-4 %, SHG യ്ക്ക് 5% |
| 5. മഹിളാസമൃദ്ധിയോജന (വനിതകൾക്കുള്ളലഘുവായ്പ)<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | CDS കൾക്ക് പരമാവധി 3 കോടിരൂപ | CDS-3%, SHG യ്ക്ക് 4% |
| 6. റീടേൺവായ്പാപദ്ധതി<br>(പ്രവാസജീവിതത്തിനുശേഷംനാട്ടിൽസ്ഥിരതാമസമാക്കുന്നതിനുവേണ്ടിമടങ്ങിവരുന്നവർക്കുള്ളപദ്ധതി)<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 30 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **പ്രത്യേകആനുകൂല്യം**<br>പദ്ധതിചെലവിന്റെ 15 % വരെമൂലധനസബ്സിഡി<br>വായ്പാതിരിച്ചടവിന്റെആദ്യ 4 വർഷങ്ങളിൽ 3% പലിശസബ്സിഡി | |
| 7. സ്റ്റാർട്ട്-അപ്പ്വായ്പാപദ്ധതി<br>(പ്രൊഫഷണലുകൾക്ക്യോഗ്യതാടിസ്ഥാനത്തിൽവരുമാനദായകസംരംഭംആരംഭിക്കുന്നതിനായി)<br>(3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 20 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **പ്രത്യേകആനുകൂല്യം**<br>വായ്പാതുകയുടെ 20% (പരമാവധി 2 ലക്ഷംരൂപ) പിന്നോക്കവിഭാഗവികസനവകുപ്പിൽനിന്നുള്ളസബ്സിഡി | |
| 8. റീ-ലൈഫ്<br>(ചെറിയമൂലധനനിക്ഷേപംആവശ്യമായനാമമാത്ര / ചെറുകിടസംരംഭങ്ങൾആരംഭിക്കുന്നതിനായി)<br>(1,20,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 1 ലക്ഷംരൂപ | **പലിശനിരക്ക് - 5%** |
| | **പ്രത്യേകആനുകൂല്യം**<br>വായ്പാതുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നോക്കവിഭാഗവികസനവകുപ്പിൽനിന്നുള്ളസബ്സിഡി | |

## ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവ്യക്തികൾക്ക് - NSKFDC പദ്ധതികൾ

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1) ലഘുവായ്പാപദ്ധതി (സന്നദ്ധസംഘടനകൾ / CDS വഴിനൽകുന്നവായ്പ) | CDS/NGO - 3 കോടിരൂപ | CDS/NGO - 4%<br>SHG - 5%, |
| 2) മഹിളാസമൃദ്ധിയോജന (വനിതകൾക്കുള്ളലഘുവായ്പ) **(വരുമാനപരിധിബാധകമല്ല.)** | CDS/NGO - 3 കോടിരൂപ | CDS/NGO-3%,<br>SHG-4% |

## KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നവായ്പാപദ്ധതി-

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെവിവാഹവായ്പാപദ്ധതി<br>(3,00,000/<br>രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 2 ലക്ഷംരൂപ | 6% |
| 2. സുവർണ്ണശ്രീവായ്പ (ബഹുവിധആവശ്യങ്ങൾക്ക്)<br>(3,00,000/-<br>രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 3 ലക്ഷംരൂപ | 8% |
| 3. പ്രവർത്തനമൂലധനവായ്പ<br>(3,00,000/-<br>രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 3 ലക്ഷംരൂപ | 7% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ്വായ്പ<br>(8,00,000/-<br>രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 8% |
| 5. വിദ്യാശ്രീവായ്പ<br>(3,00,000/-<br>രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 3 ലക്ഷംരൂപ | 6% |
| 6. വാഹനവായ്പ<br>**(3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക് താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്)** | 8 ലക്ഷംരൂപ | 8% |
| 7. ഗൃഹപുനരുദ്ധാരണവായ്പ (സ്വസ്ഥഗൃഹ)<br>**(3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക് താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്)** | 5 ലക്ഷംരൂപ | 9% |
| 8. വ്യക്തിഗതവായ്പ<br>(3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക് താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 9.50% |
| 9 എന്റെവീട് (ഭവനനിർമ്മാണവായ്പപദ്ധതി) - 1<br>**(1,20,000/- രൂപയിൽതാഴെകുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷംരൂപ | 6.50 % |
| 12. എന്റെവീട് (ഭവനനിർമ്മാണവായ്പപദ്ധതി) - 2<br>**(3,00,000/- രൂപയിൽതാഴെകുടുംബവാർഷിക വരുമാനമുള്ളവർക്ക്** | 10 ലക്ഷംരൂപ | 7.00 % |

**സെക്ഷൻ ഓഫീസർ**